2025 September 9 Tuesday

St.Joseph's U.P School Vayattuparamba

DAILY EXPRESS

# ഗുരുദീപ്തി



## അധ്യാപകദിനാഘോഷം

വായാട്ടുപറമ്പ് യു.പി സ്കൂളിൽ അധ്യാപക ദിനം വർണ്ണാഭമായ പരിപാടികളോടെ ആഘോഷിച്ചു. സ്കൂൾ അസി.മാനേജർ റവ.ഫാ നോയൽ ആനികുഴിക്കാട്ട് അധ്യക്ഷത വഹിച്ച യോഗത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ ജേതാവ് (2025 ) ആലക്കോട് പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ പി രവീന്ദ്രൻ നിർവഹിച്ചു.വിശിഷ്ട അതിഥികളെ വേദിയിലേക്ക് ആനയിക്കപ്പെട്ടത് പുഷ്പാലങ്കൃത വീഥിയിലൂ ടെയാണ്. സി.ആൽഫിയും,സ്നേഹ ടീച്ചറുമാണ് പരിപാടികൾക്ക് നേതൃത്വം കൊടുത്തത്.

ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ കുട്ടികളുടെ വിവിധ കലാ പരിപാടികൾ,അധ്യാപകരുടെ ഡാൻസ് എന്നിവ അതിമനോഹരമായിരുന്നു.എല്ലാ അധ്യാപകർക്കും, പി രവീന്ദ്രൻ സാറിനും പി. ടി. എ എക്സിക്യൂട്ടീവ് ആദരവർപ്പിക്കുകയും, സമ്മാനങ്ങൾ കൈമാറുകയും ചെയ്തു. സ്കിറ്റ്, ഡാൻസുകൾ, പ്രസംഗം, കവിതാലാപനം തുടങ്ങിയ എല്ലാ പരിപാടികളും അധ്യാപകദിന സന്ദേശം വിളിച്ചോതുന്നവയായിരുന്നു. ഓരോരുത്തരെയും കുറിച്ചുള്ള കമന്ററിയുടെ അകമ്പടിയോടെ ശുഭവസ്ത്രധാരികളായ വിദ്യാർഥികൾ അധ്യാപകരെ പൂക്കൾ വിതറി വേദിയിലേക്ക് ആനയിച്ചു.

2025
September
10
Wednesday

St.Joseph's U.P School Vayattuparamba

DAILY EXPRESS

# കരാത്തെ എക്സ്പോ



വായാട്ടുപറമ്പ് യുപി സ്കൂളിൽ ഇന്നലെ കരാത്തെ എക്സ്പോ നടന്നു. കരാത്തെ ക്ലാസിനോടനുബന്ധിച്ചാണ് സ്കൂൾ ഗ്രൗണ്ടിൽ എക്സ്പോ അരങ്ങേറിയത്. സ്കൂളിലെ മുഖ്യകരാത്തെ പരിശീലകൻ സെൻസെയ് ജിൻസ് മാത്യുവിന്റെ നേതൃത്വത്തിലാണ് മനോഹരമായ ഈ ദൃശ്യവിരുന്ന് ക്രമീകരിച്ചത്. 75 വിദ്യാർത്ഥികൾ എക്സ്പോയിൽ അണിനിരന്നു.

ഒരു മാസമായി വിദ്യാർത്ഥികൾ ക്ലാസ്സിൽ പഠിച്ച വിദ്യകളാണ് പ്രദർശനത്തിൽ പ്രയോഗിച്ചത്. കരാത്തെ ക്ലാസുകളോട് വിദ്യാർത്ഥികളിൽ കൂടുതൽ താൽപര്യം ജനിപ്പിക്കുന്നതിനാണ് ഇത്തരത്തിൽ പരിശീലനം സംഘടിപ്പിച്ചത്. സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും കാണാവുന്ന വിധത്തിലാണ് സ്കൂൾ ഗ്രൗണ്ടിൽ എക്സ്പോ സംഘടിപ്പിച്ചത്.

2025
September
11
Thursday

St. Joseph's U.P School Vayattuparamba

DAILY EXPRESS

# ക്ലാസ് പി.ടി.എ



വായാട്ടുപറമ്പ് യു.പി സ്കൂളിൽ ഇന്നലെയും ഇന്നുമായി നടന്ന ക്ലാസ് പി.ടി.എ യിൽ രക്ഷകർത്താക്കളുടെ സജീവ പങ്കാളിത്തമുണ്ടായിരുന്നു.ഓരോ രക്ഷിതാവിനും തന്റെ കുട്ടിയോടൊപ്പം വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരെയും കാണുന്നതിനും, പഠന പുരോഗതി വിലയിരുത്തുന്നതിനുമുള്ള അവസരം ലഭിച്ചു.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പഠന പിന്തുണ ഉറപ്പാക്കുന്ന നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ക്ലാസ് പി. ടി. എ യിൽ തീരുമാനമായി. മാറിവരുന്ന സാഹചര്യത്തിൽ ഉയർന്ന നിലവാരത്തിലുള്ള ചോദ്യങ്ങളെ അഭിമുഖീകരിക്കുന്ന തരത്തിലുള്ള പ്രത്യേക പരിശീലനങ്ങൾ വിദ്യാർഥികൾക്ക് നൽകുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളും അധ്യാപകർ പി.ടി. എ യിൽ അവതരിപ്പിച്ചു.

## Happy Birthday





2025 September 12 Friday

# St.Joseph's U.P School Vayattuparamba

# DAILY EXPRESS

## സ്കൗട്ട് പെട്രോൾ ലീഡേഴ്സ് ത്രിദിന ക്യാമ്പ്



ക്യാമ്പിൽ പങ്കെടുക്കുന്ന ലീഡേഴ്സ്

2025 സെപ്റ്റംബർ 12, 13, 14 തീയതികളിലായി കരിപ്പാൽ എസ്.വി യു.പി യിൽ നടക്കുന്ന പെട്രോൾ ലീഡേഴ്സിന്റെ ത്രിദിന ക്യാമ്പിൽ നമ്മുടെ സ്കൂളിൽ നിന്ന് ഏഴാം ക്ലാസിൽ പഠിക്കുന്ന അബ്നർ ബിജു, ദക്ഷൻ കെ.വി,ഗൗരിശങ്കർ കെ,കാർത്തിക് കെ അനൂപ് എന്നീ വിദ്യാർഥികളാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്. സ്കൂളിലെ സ്കൗട്ട് അംഗങ്ങൾ ദിദീയ,ത്രിതീയ സോപാൻ ക്യാമ്പുകളിൽ പങ്കെടുക്കാറുണ്ട്.സ്കൗട്ടിന്റെ ചുമതലയുള്ള സയനാസ് ടീച്ചർ നമ്മുടെ സ്കൗട്ട് വിങ്ങിനെ വളരെ ഭംഗിയായി നയിക്കുന്നു.

വായാട്ടുപറമ്പ് യു.പി സ്കൂളിൽ സ്കൗട്ടിന്റെ നേതൃത്വത്തിൽ നിരവധി യൂണിറ്റ് തല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ യൂണിറ്റ് വളരെ സജീവമായി സഹകരിച്ചു പോരുന്നു. സ്കൗട്ട് യൂണിറ്റ് പെട്രോൾ മീറ്റിംഗുകൾ ട്രൂപ് മീറ്റിംഗുകൾ എന്നിവ പതിവായി സംഘടിപ്പിക്കുന്നു.

Happy Birthday





2025
September
15
Monday

# St.Joseph's U.P School Vayattuparamba

# DAILY EXPRESS

## ലഹരിക്കെതിരെ കാർട്ടൂൺ മത്സരം



ലഹരിവിരുദ്ധ വിദ്യാർത്ഥി സംഘടനയായ ADSU ന്റെ ആഭിമുഖ്യത്തിൽ വായാട്ടുപറമ്പ് യു.പി സ്കൂളിൽ ലഹരിക്കെതിരെ സ്കൂൾ തല കാർട്ടൂൺ മത്സരം സംഘടിപ്പിച്ചു. യു.പി ക്ലാസുകളിലെ വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുത്തത്.

സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്നിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനാണ് ഈ മത്സരം സംഘടിപ്പിച്ചത്. മത്സര വിജയികളെ തലശ്ശേരി അതിരൂപതതല മത്സരത്തിൽ പങ്കെടുപ്പിക്കുന്നതാണ്. ADSU കലോത്സവത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ മറ്റു മത്സരങ്ങളും സംഘടിപ്പിച്ചിരുന്നു. ADSU ന്റെ ചുമതലയുള്ള ലെനി ടീച്ചറാണ് മത്സരത്തിന് നേതൃത്വം കൊടുത്തത്.

**FIRST**



Angela Treesa Thomas (7B)

**SECOND**



Jannet Jimmy (7C)

**Happy Birthday**





2025 September 16 Tuesday

St. Joseph's U. P School Vayattuparamba

DAILY EXPRESS

# Self Reliant India
# ഉപന്യാസ മത്സരം



Self Reliant India : A vision For Future എന്ന വിഷയത്തെ ആസ്പദമാക്കി ടാറ്റാ ബിൽഡിംഗ് ഇന്ത്യ വായാട്ടുപറമ്പ് യു.പി സ്കൂളിൽ ഉപന്യാസ മത്സരം നടത്തി. യുപി ക്ലാസുകളിലെ 20 വിദ്യാർഥികൾ മത്സരത്തിൽ പങ്കെടുത്തു.മത്സര വിജയികൾക്ക് ജില്ലാതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

ടാറ്റാ ബിൽഡിംഗ് ഇന്ത്യ സ്പോൺസർ ചെയ്ത ലൈബ്രറി പുസ്തകങ്ങൾ ചീഫ് എക്സാമിനറായി എത്തിയ ജിനു വി ലാൽ സ്കൂളിന് കൈമാറി. സിമി ടീച്ചറാണ് പരീക്ഷക്കാവശ്യമായ ക്രമീകരണങ്ങൾ ചെയ്തത്.

Happy Birthday



**FIRST**



Tessa Elizabeth (7B)

**SECOND**



Amala V Joseph (7C)

**THIRD**



Milan Mathew Bibin (7A)

2025 September 17 Wednesday

St. Joseph's U. P School Vayattuparamba

DAILY EXPRESS

# അമ്മയുടെ കൂടെ ഒരു മരം നടാം



മരങ്ങൾ ജീവൻ നിലനിർത്തുന്നവയാണ്. ഒരു അമ്മയെപ്പോലെ, അവ അടുത്ത തലമുറയ്ക്ക് ഉപജീവനവും സംരക്ഷണവും നൽകുന്നു.കുട്ടികൾ അമ്മമാരോടൊപ്പം മരങ്ങൾ നടുന്നതിലൂടെ ജീവിതത്തെ പരിപോഷിപ്പിക്കുന്നതിൽ അമ്മമാരുടെ പങ്കിനെ ബഹുമാനിക്കാൻ അവർക്ക് അവസരം ലഭിക്കുന്നു.നമ്മുടെ സ്കൂളിലെ നിരവധി കുട്ടികളാണ് ഈ ഉദ്യമത്തിൽ പങ്കുചേരുന്നത്.

അമ്മയുടെ കൂടെ ഒരു മരം നടുന്നതിന്റെ ഫോട്ടോ എടുത്ത് https://ecoclubs.education.gov.in/ എന്ന വെബ്സൈറ്റിൽ പങ്കുവെച്ച് സർക്കാരിന്റെ സർട്ടിഫിക്കറ്റ് നേടാവുന്നതാണ്. ഇംഗ്ലീഷിലാണ് വിവരങ്ങൾ ടൈപ്പ് ചെയ്യേണ്ടത്. സ്കൂളിന്റെ UDISE കോഡും നൽകണം. ഇന്ത്യൻ സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയമാണ് സർട്ടിഫിക്കറ്റ് നൽകുന്നത്.

Happy Birthday



2025
September
18
Thursday

St.Joseph's U.P School Vayattuparamba

DAILY EXPRESS

## രുചിയേറിയ പഠനപ്രവർത്തനം

# അപ്പാണ്യം



മൂന്നാം ക്ലാസിലെ പാഠഭാഗമായ 'അപ്പാണ്യവുമായി ' ബന്ധപ്പെട്ട് ഇലയട,അരിയുണ്ട,അരിപ്പൊടി, അവുലോസ് പൊടി, പൂവട,ഉണ്ണിയപ്പം, കിണ്ണത്തപ്പം, കുമ്പിളപ്പം, നെയ്യപ്പം,കലത്തപ്പം, മുട്ടക്കേക്ക്, ഗോതമ്പട തുടങ്ങിയവയും രുചിയുടെ വേറിട്ട കൂട്ടുമായി റാഗി പായസം,മുളക് ഹലുവയും പിന്നെ അവിലും,പഴം വറുത്തതുമടക്കം 50 തനി നാടൻ പലഹാരങ്ങളുടെ പലഹാരമേള നടത്തി.

ജങ്ക് ഫുഡ്സിന്റെ പിടിയിൽ നിന്നും കുട്ടികളെ മോചിപ്പിക്കുക,നാടൻ ഭക്ഷ്യഇനങ്ങളുടെ ഗുണവും, മേന്മയും പുതുതലമുറയെ പഠിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് മൂന്നാം ക്ലാസിൽ നാടൻ പലഹാരമേള സംഘടിപ്പിച്ചത്. ക്ലാസ് അധ്യാപകരായ മോളി ടീച്ചറും, അനിഷ ടീച്ചറുമാണ് മേളയ്ക്ക് നേതൃത്വം കൊടുത്തത്.

2025 September 19 Friday

St.Joseph's U.P School Vayattuparamba

DAILY EXPRESS

# വീട്ടുജോലികളിൽ നിന്ന് കുട്ടികളെ അകറ്റിനിർത്തരുത്



പ്രായത്തിനനുസരിച്ചുള്ള ജോലികളും,ഉത്തരവാദിത്തങ്ങളും കുട്ടിയുടെ വളർച്ചയുടെ ഒരു പ്രധാന ഭാഗമാണ്. കൊച്ചുകുട്ടികൾക്ക് മാതാപിതാക്കളെ ജോലികൾ സഹായിക്കാൻ ആകാംക്ഷയും, താല്പര്യവുമുണ്ട്. ഇത് പ്രയോജനപ്പെടുത്തുകയും, വീടുകളിൽ ടീം വർക്കിന്റെ ഒരു സംസ്കാരം വളർത്തിയെടുക്കുകയും ചെയ്യണം. ചെറിയ പ്രായത്തിൽ തന്നെ കുട്ടികൾ ലളിതമായ വീട്ടുജോലികളിൽ ഏർപ്പെടാൻ തുടങ്ങുന്നത് മാതാപിതാക്കളോടുള്ള വിധേയത്വവും, അനുസരണ ശീലവും, ഉത്സാഹവും,മറ്റുള്ളവരുമായി ഇടപഴകാനുള്ള പ്രത്യേക കഴിവും അവരിൽ രൂപപ്പെടാൻ സഹായിക്കുന്നു. പുതു തലമുറയിലെ മൊബൈൽ ഫോൺ അഡിക്ഷൻ തടയാനും ഇത് ഉപകരിക്കുന്നു.

മാതാപിതാക്കൾ ഏറെ ക്ഷമയോടെ കുട്ടികളെ സമീപിക്കുക. പൂർണത പ്രതീക്ഷിക്കരുത്, ഇതൊരു പഠന പ്രക്രിയയാണ്. വീട്ടുജോലികളിൽ സഹായിക്കുന്നത് കുട്ടിയുടെ ആത്മാഭിമാനം വർദ്ധിപ്പിക്കും. അവർ കാലക്രമേണ അവരുടെ കഴിവുകൾ വികസിപ്പിക്കും. വിവിധ ജോലികളിൽ കുട്ടികളുടെ പരിശ്രമത്തെ പ്രശംസിക്കുക,ചെറിയ നേട്ടങ്ങൾ വലിയ നേട്ടങ്ങളിലേക്ക് നയിക്കും. പ്രായത്തിനനുസരിച്ച് കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ കുട്ടികളെ ഇത് പ്രാപ്തരാക്കുന്നു.

Happy Birthday





2025 September 22 Monday

# St. Joseph's U. P School Vayattuparamba

## DAILY EXPRESS




**Spoken English & Grammar Training Programme**

വായാട്ടുപറമ്പ് യു.പി സ്കൂളിൽ സ്പോക്കൺ ഇംഗ്ലീഷ് & ഗ്രാമർ ട്രെയിനിങ് പ്രോഗ്രാം (Conversa) വളരെ ക്രമീകൃതമായ രീതിയിൽ ആരംഭിച്ചു എല്ലാ ക്ലാസുകളിലും ഒരേസമയത്ത് Conversa നടക്കുന്ന രീതിയിലാണ് ക്ലാസ്സ് ക്രമീകരിച്ചിരിക്കുന്നത്. ഇംഗ്ലീഷ് വ്യാകരണത്തോടൊപ്പം നിത്യജീവതത്തിൽ ആവശ്യമായി വരുന്ന ഇംഗ്ലീഷ് വാക്കുകളും വാചകങ്ങളും കുട്ടികൾക്ക് വളരെ ലളിതമായും, ഫലപ്രദമായും ഉപയോഗിക്കാൻ പറ്റുന്ന വിധത്തിൽ അവതരിപ്പിക്കുന്ന പദ്ധതിയാണിത്.

ഇംഗ്ലീഷ് ഗ്രാമർ ക്ലാസ്സുകളുടെ നോട്ടുകൾ ക്ലാസ്സ് ഗ്രൂപ്പിൽ നൽകുന്നതാണ്. ഇംഗ്ലീഷിൽ വ്യാകരണത്തിന്റെ ശരിയായ ഉപയോഗം കുട്ടികളെ വിവിധ ഉദാഹരണങ്ങളിലൂടെ പഠിപ്പിക്കുന്നതിനാണ് ഈ രീതിയിലുള്ള സ്പെഷ്യൽ ട്രെയിനിങ് പ്രോഗ്രാമിന് തുടക്കമിട്ടിരിക്കുന്നത്.ഇംഗ്ലീഷിൽ കുട്ടികൾക്ക് പ്രായോഗിക പരിശീലനം നൽകുന്ന സ്കിറ്റ്, റോൾ പ്ലേ,മറ്റ് നൂതന അവതരണ വീഡിയോകൾ തുടങ്ങിയവ ക്ലാസ് ഗ്രൂപ്പുകളിൽ നൽകുന്നതാണ്.

2025 September 23 Tuesday

# St.Joseph's U.P School Vayattuparamba

# DAILY EXPRESS

## തളിപ്പറമ്പ് നോർത്ത് ഉപജില്ല ശാസ്ത്രമേള

# സയൻസ് ക്വിസ്

## എൽ.പി വിഭാഗം ഒന്നാം സ്ഥാനം

## യു.പി വിഭാഗം രണ്ടാം സ്ഥാനം

### എൽ.പി വിഭാഗം



അൽഫോൻസാ ബോബി



ജേക്കബ് ബിനോയ്

### യു.പി വിഭാഗം



ടോഷ് ക്രിസ്റ്റി



ടെസ്സ എലിസബത്ത്

തളിപ്പറമ്പ് നോർത്ത് ഉപജില്ല ശാസ്ത്രമേളയിലെ സയൻസ് ക്വിസ്സിൽ വായാട്ടുപറമ്പ് യു.പി സ്കൂൾ എൽ.പി വിഭാഗത്തിൽ ഒന്നാം സ്ഥാനവും, യു.പി വിഭാഗത്തിൽ രണ്ടാം സ്ഥാനവും സ്വന്തമാക്കി തിളക്കമാർന്ന വിജയം കരസ്ഥമാക്കി. സെപ്റ്റംബർ 23 ന് കണിയൻചാൽ ഗവർമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലാണ് മത്സരം അരങ്ങേറിയത്. ഉപജില്ലയിലെ മറ്റ് സ്കൂളുകളെ ബഹുദൂരം പിന്നിലാക്കി ടെസ്സ എലിസബത്ത്,ടോഷ് ക്രിസ്റ്റി,ജേക്കബ് ബിനോയ്, അൽഫോൻസാ ബോബി എന്നീ വിദ്യാർത്ഥികളാണ് നമ്മുടെ സ്കൂളിന് വേണ്ടി സുവർണ്ണ വിജയം നേടിയത്.

ഈ വർഷത്തെ നമ്മുടെ സ്കൂളിന്റെ വിജയഗാഥയുടെ ഫ്ലാഗ് ഓഫ് ആണ് മിന്നുന്ന ഈ വിജയം. മുൻ വർഷങ്ങളിലേത് പോലെ ഈ വർഷവും കലാ,കായിക ശാസ്ത്രമേളകളിൽ നമ്മുടെ വിദ്യാർഥികൾ ഉയർന്ന വിജയം കരസ്ഥമാക്കുമെന്നുറപ്പാണ്. യു.പി വിഭാഗത്തിൽ സയൻസ് അധ്യാപകരും,എൽ പി വിഭാഗത്തിൽ നാലാം ക്ലാസിലെ അധ്യാപകരുമാണ് സയൻസ് ക്വിസ്സിൽ മത്സരാർത്ഥികൾക്കാവശ്യമായ പരിശീലനം നൽകിയത്.

Happy Birthday



2025
September
24
Wednesday

St. Joseph's U. P School Vayattuparamba

DAILY EXPRESS

# ഹിന്ദി ദിനാചരണം



വായാട്ടുപറമ്പ് യു.പി സ്കൂളിൽ ഹിന്ദിദിനാചരണം വിപുലമായ പരിപാടികളോടെ ആചരിച്ചു. സ്കൂൾ അസംബ്ലിയിൽ ഹിന്ദിയുടെ പ്രാധാന്യം വിളിച്ചോതുന്ന പ്രസംഗം, ഡാൻസുകൾ,കവിതകൾ,ചിന്താവിഷയം, പ്രതിജ്ഞ,, ഹിന്ദിയെ പരിചയപ്പെടൽ,തുടങ്ങിയ പരിപാടികൾ വിദ്യാർത്ഥികൾ അവതരിപ്പിച്ചു. അബിത ടീച്ചറും,സി.ലിസിയും ദിനാചരണ പരിപാടികൾക്ക് നേതൃത്വം കൊടുത്തു. അസംബ്ലിയിൽ ഹിന്ദി പദനിർമ്മാണ മത്സര,വായനാമത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ ഹെഡ്മാസ്റ്റർ ഇൻ ചാർജ് മോളി ജോസഫ് വിതരണം ചെയ്തു.

"ഐക്യത്തിന്റെയും സാംസ്കാരിക അഭിമാനത്തിന്റെയും ആഗോള ശബ്ദം"എന്ന 2025 ലെ പ്രമേയം വൈവിധ്യമാർന്ന സമൂഹങ്ങളെ ഒന്നിപ്പിക്കുന്നതിൽ ഹിന്ദിയുടെ പങ്കിനെ ഊന്നിപ്പറയുന്നു. ഭാഷയെക്കുറിച്ച് അവബോധം വളർത്തുക,അതിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുക,ഭാഷയിലെ പണ്ഡിതരുടെയും, എഴുത്തുകാരുടെയും സംഭാവനകളെ ആഘോഷിക്കുക എന്നിവയാണ് ഹിന്ദി ദിനാചരണം ലക്ഷ്യമിടുന്നത്.

## Happy Birthday





2025 September 25 Thursday

# St.Joseph's U.P School Vayattuparamba

## DAILY EXPRESS

# Stars Of First Term

ആത്യന്തിക വിലയിരുത്തൽ I (ഒന്നാം പാദവാർഷിക പരീക്ഷ) ന്റെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് ഓരോ ക്ലാസിൽ നിന്നും Star of First Term നെ തെരഞ്ഞെടുത്തത്. സ്കൂൾ അസംബ്ലിയിൽ വെച്ച് സ്റ്റാർസിന് മെമെന്റോ നൽകി ആദരിച്ചു.

### STD I



Johan Jobin

### STD II



Sharon Mariya Jobin

### STD III



Nimal John Bibin

### STD III



Jewelin Tessa Manoj

### STD IV



Adon Mathew

### STD V



Aarav M

### STD VI



Tosh Christy

### STD VII



Milan Mathew Bibin

### STD VII



Jannet Jimmy

2025
September
26
Friday

St. Joseph's U.P School Vayattuparamba

# DAILY EXPRESS

# മലയാള തെളിമ



## മാതൃഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഉന്നമനത്തിനായി നമ്മുടെ സ്കൂളിന്റെ സ്വന്തം പദ്ധതി

മലയാളഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഉന്നമനത്തിനായി സെപ്റ്റംബർ 24 ന് സ്കൂളിൽ ആരംഭിച്ച നമ്മുടെ സ്കൂളിന്റെ സ്വന്തം പദ്ധതിയാണ് മലയാള തെളിമ. രണ്ടാം ക്ലാസ് മുതലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ അധ്യയനവർഷ അവസാനത്തോടെ എല്ലാ കുട്ടികളെയും മലയാളത്തിൽ നന്നായി എഴുതാനും വായിക്കാനും പ്രാപ്തരാക്കുന്ന തരത്തിലാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്.

എല്ലാ ദിവസങ്ങളിലും എല്ലാ ക്ലാസുകളിലും നടപ്പിലാക്കുന്നതിനായി പ്രത്യേക സമയം ഇതിനായി ക്രമീകരിച്ചിട്ടുണ്ട്.വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസുകളിൽ Reader's Hub എന്ന പേരിൽ ഓൺലൈൻ ഗ്രൂപ്പുകൾ ആരംഭിക്കുന്നുണ്ട്. തുടക്കത്തിൽ മലയാളത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് മാത്രമാണ് പ്രത്യേക പരിശീലനം നൽകുന്നത്. അവർക്ക് പഠനപിന്തുണ നൽകുന്ന വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.